user *

Sectt. 3/45/2010/5 lakhs GPM. © Govt. of Kerala.

GOVERNMENT OF KERALA

നം.63882/ആർ.സി.3/2010/ത.സ്വ.ഭ.വ.

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്,
തിരുവനന്തപുരം, തീയതി 28-02-2011.

## സർക്കുലർ

**വിഷയം :** തദ്ദേശ സ്വയംഭരണ വകുപ്പ് - മിശ്രവിവാഹ രജിസ്ട്രേഷൻ - വ്യത്യസ്ത മതവിഭാഗങ്ങളിൽപ്പെട്ടവർ തമ്മിലുള്ള വിവാഹ രജിസ്ട്രേഷൻ - നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

**സൂചന :** 29-02-2008-ലെ സ.ഉ. (അച്ചടിച്ചത്) നം.01/2008/നിയമം.

...

സംസ്ഥാനത്ത് നടക്കുന്ന വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് ബഹു. സുപ്രീം കോടതിയുടെ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ, 29-02-2008-ലെ സ.ഉ. (അ) നം.01/2008/നിയമം. നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ വ്യത്യസ്ത മതവിഭാഗങ്ങളിൽപ്പെട്ടവർ ഏതെങ്കിലും ഒരു മതവിഭാഗത്തിലുള്ള ആരാധനാലയത്തിൽ വെച്ച് വിവാഹിതരാവുകയും സൂചനയിലെ വിവാഹ രജിസ്ട്രേഷൻ നിയമ പ്രകാരം വിവാഹ സർട്ടിഫിക്കറ്റ് കരസ്ഥമാക്കുകയും ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2. ഒരേ മതവിഭാഗത്തിലുള്ളവർ തമ്മിലുള്ള വിവാഹം അവർക്ക് ബാധകമായിട്ടുള്ള വ്യക്തി നിമയ പ്രകാരമാണ് രജിസ്റ്റർ ചെയ്യേണ്ടത്. എന്നാൽ വ്യത്യസ്ത മതവിഭാഗത്തിലുള്ളവർ തമ്മിലുള്ള വിവാഹം രജിസ്റ്റർ ചെയ്യേണ്ടത് 1954-ലെ സ്പെഷ്യൽ മാര്യേജ് ആക്റ്റിൻ കീഴിലാണ്. അപ്രകാരമുള്ള വിവാഹങ്ങൾ 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾക്ക് കീഴിൽ രജിസ്റ്റർ ചെയ്യുന്നത് നിയമാനുസൃതവുമല്ല.

3. മേൽ നിർദ്ദേശങ്ങൾ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തദ്ദേശ വിവാഹ രജിസ്ട്രാർമാർ കൃത്യമായും പാലിക്കേണ്ടതാണ്.

(ഒപ്പ്)
എസ്.എം.വിജയാനന്ദ്,
അഡീഷണൽ ചീഫ് സെക്രട്ടറി.

(മറുപുറം)

To

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും സെക്രട്ടറിമാർക്ക്.
(പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും തദ്ദേശ രജിസ്ട്രാർമാർക്ക്.
(പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
(പഞ്ചായത്ത് ഡയറക്ടർ മുഖേന)

ഡയറക്ടർ, പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം.
(മാധ്യമങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

നിയമ വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.